പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1816 01.11.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യിലെ സ്ഥലം മാറ്റവും പിരിച്ചു വിടലും**

ചോദ്യം

ശ്രീ.എം. രാജഗോപാൽ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ജോലിയിൽ പ്രവേശിച്ച വർഷം കഴിഞ്ഞിട്ടും വനിതാ കണ്ടക്ടർമാർക്ക് സ്വന്തം ജില്ല യിലേയ്ക്കും സമീപ പ്രദേശങ്ങളി ലേയ്ക്കും മാറ്റം നൽകാൻ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ ജോലിയിൽ പ്രവേശി ച്ചിട്ടുള്ള വനിതാ കണ്ടക്ടർമാർ സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചാൽ നിയമാനുസൃതം സ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസരിച്ചാണെങ്കിൽ അനുവദിച്ച് നൽകാറുണ്ട്. |
| (ബി) | കോടതി വിധിയെ തുടർന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് എത്ര ഡ്രൈവർമാരെ പിരിച്ച വിട്ടി ട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോടതി വിധിയെതുടർന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് 154 താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| (സി) | ഇവർക്ക് പകരം പി.എസ്.സി. നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇവർക്കുപകരം പി.എസ്.സി നിയമനം നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽഖന്ന റിപ്പോർട്ടിൽ ബസ്-ജീവന ക്കാരുടെ അനുപാതം ദേശിയ ശരാശരിയായ 5.5 ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്നതിനായി ഒരു സമിതിയെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുക യാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൂടുതൽ ജീവനക്കാരെ നിയോഗിക്കണമോയെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**